<u>14 -ാം കേരള നിയമസഭ</u>

<u>22 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 818</u>** **<u>14-01-2021 - ൽ മറുപടിയ്ക്ക്</u>**

## <u>മതന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ശക്തീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി. ടി. ബൽറാം | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി) | |
| (എ) | ഒ.ബി.സി. മതന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ശക്തീകരണത്തിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ വഹിക്കുന്ന പങ്ക് വിശദമാക്കാമോ; | (എ) | ഒ.ബി.സി. മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന വ്യക്തികളുടെ സാമ്പത്തിക ശാക്തീകരണത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | നാട്ടിൽ സ്ഥിരതാമസത്തിന് എത്തിയ പ്രവാസികൾക്കായി പിന്നോക്ക വിഭാഗ കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. വിദേശത്ത് നിന്നും മടങ്ങിയെത്തി നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ അഗ്രഹിക്കുന്ന പ്രവാസികൾക്ക് വായ്പാ സഹായം നൽകുന്ന പദ്ധതിയാണ് റീ-ടേൺ. നോർക്കാ റൂട്ട്സുമായി ചേർന്നാണ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ വായ്പയായി ലഭിക്കുന്നതാണ്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പയായി അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. 18 നും 65 നും മദ്ധ്യേ പ്രായമുള്ളവരും പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസക്കാരുമായ സംരംഭകർക്കാണ് വായ്പ അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം വായ്പ എടുക്കുന്ന പ്രവാസി സംരംഭകർക്ക് പരമാവധി 3 ലക്ഷം രൂപ മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിച്ചുവരുന്നു. |
| (സി) | പിന്നോക്ക വിഭാഗ കോർപ്പറേഷന്റെ ഗുണഭോക്താക്കളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനത്തിനും വേണ്ടി ഒരു സ്ഥിരം വേദി (ക്രാഫ്റ്റ് വില്ലേജ്) ഒരുക്കുന്നതിന് പദ്ധതിയുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കിഫ്ബിയിൽ ഉൾപ്പെടുത്തിയാണോ ഈ പദ്ധതി | (ഡി) | കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി |

| | | | |
|---|---|---|---|
| | നടപ്പിലാക്കുന്നത്; എങ്കിൽ കിഫ്ബിയിൽ നിന്നും ഇതിനായി എന്ത് തുക അനുവദിച്ചു; ക്രാഫ്റ്റ് വില്ലേജ് എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | | നടപ്പിലാക്കുന്നത്. കിഫ്ബി ടി പദ്ധതി നടത്തിപ്പിനായി 17.7 കോടി രൂപയുടെ നടപടി അംഗീകരിച്ചിട്ടുണ്ട്. ക്രാഫ്റ്റ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ